**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2711** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ. കളിലെ 3DM വിഷ്വൽ ടീച്ചിങ് ക്ലാസ് റൂം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ. കളിൽ നടപ്പാക്കിയ 3DM വിഷ്വൽ ടീച്ചിങ് ക്ലാസ് റൂം പദ്ധതി നടപ്പാക്കിയതിനു ശേഷം വകുപ്പിന്റെ ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥരോ ചുമതലപ്പെടുത്തിയവരോ നാളിതുവരെ ഐ.ടി.ഐ. കൾ സന്ദർശിച്ച് സോഫ്റ്റ്‌വെയർ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഐ.റ്റി.ഐ.കൾ സന്ദർശിച്ച് സോഫ്റ്റ്‌വെയർ പരിശോധന നടത്തുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥരെ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടില്ല. |
| (ബി) | വകുപ്പിലെ ഇൻസ്ട്രക്ടർമാരെ ഉപയോഗിച്ച് പ്രായോഗിക പരിശീലനത്തിന്റെ വീഡിയോ ഷൂട്ട് ചെയ്തു സോഫ്റ്റ്‌വെയർ തയ്യാറാക്കാം എന്ന് മേൽപ്പറഞ്ഞ പദ്ധതിയുടെ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഇല്ല. |
| (സി) | വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ. ഇൻസ്ട്രക്ടർമാരുടെ സേവനം ബന്ധപ്പെട്ട കമ്പനിക്ക് സോഫ്റ്റ്‌വെയർ നിർമ്മിക്കാൻ വേണ്ടി വിട്ടുകൊടുക്കുവാൻ വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | സോഫ്റ്റ്‌വെയർ നിർമ്മാണത്തിനായി വകുപ്പിലെ ഇൻസ്ട്രക്ടർമാരുടെ സേവനം ഉപയോഗിച്ചതിനു ശേഷം ബന്ധപ്പെട്ട കമ്പനി പ്രസ്തുത സേവനത്തിന് ഉൾപ്പെടെയുള്ള തുക വകുപ്പിൽ നിന്നും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | ബാധകമല്ല. |
| (ഇ) | സോഫ്റ്റ്‌വെയർ അപ്ഡേഷനുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്പനിക്ക് നാളിതുവരെ നൽകിയിട്ടുള്ള തുകയുടെ വിശദാംശം ഇനം തിരിച്ച് നൽകുമോ? | (ഇ) | സോഫ്റ്റ്‌വെയർ അപ്ഡേഷനുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്പനിക്ക് നാളിതുവരെ തുകയൊന്നും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ